**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*383.** **13.11.2019 ൽ മറുപടിയ്ക്ക്**

## മയക്കമരുന്ന് കേസുകളിലെ പ്രതികൾക്ക് ശിക്ഷ ഉറപ്പ് വരുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.വി.ജോയി<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി.അബ്ദുറഹിമാൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മയക്കമരുന്ന് കേസിലെ പ്രതികളെ പിടികൂടുന്നതിലും നിയമ നടപടികൾ സ്വീകരിക്കുന്നതിലും കൈവരിച്ച പുരോഗതി അറിയിക്കാമോ; | (എ) | മയക്ക് മരുന്ന് കേസുകളിൽ പിടിക്കപ്പെടുന്ന കുറ്റവാളികൾക്കെതിരെ എൻ.ഡി.പി.എസ്. നിയമം അനുശാസിക്കുന്ന വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുകയും കാര്യക്ഷമമായ അന്വേഷണം നടത്തി ബഹു. കോടതിയിൽ ഹാജരാക്കുന്ന ടി കേസുകളിൽ ബഹു.കോടതി വിചാരണ നടത്തി നിയമം അനുശാസിക്കുന്ന ശിക്ഷകൾ നൽകുകയും ചെയ്തുവരുന്നുണ്ട്. മയക്കമരുന്നിന്റെ വിപണനങ്ങൾക്കെതിരെ അതിശക്തമായ നടപടികൾ ഈ സർക്കാർ സ്വീകരിച്ചതിനാലാണ് കൂടുതൽ കേസുകൾ കണ്ടെടുക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും സാധിച്ചിട്ടുള്ളത്. കർശന നടപടികളുടെ ഫലമായാണ് കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിലും പിടിച്ചെടുക്കുന്ന വസ്തുക്കളുടെ അളവിലും വർദ്ധനവുണ്ടായിട്ടുള്ളത്. ഇത്തരത്തിലുള്ള കേസ്സുകൾ ഫലപ്രദമായി അന്വേഷിക്കുന്നതിനും ഇതിന്റെ ഉറവിടം കണ്ടെത്തുന്നതിനുമായി എക്സൈസ് വകുപ്പിൽ ക്രൈംബ്രാഞ്ച് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) | നിയമത്തിന്റെ പഴുതുകൾ | (ബി) | മയക്കമരുന്ന് കേസ്സുകളിൽ പിടിക്കപ്പെടുന്നവർക്ക് |

| | | | |
|---|---|---|---|
| | പ്രയോജനപ്പെടുത്തി പ്രതികൾ രക്ഷപ്പെടുന്നതും കേസുകൾ ദുർബലപ്പെടുന്നതും ഒഴിവാക്കുന്നതിനായി നിലവിലെ നിയമത്തിലെ ന്യൂനതകൾ പരിഹരിക്കുന്ന തരത്തിൽ നിയമ നിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ: | യും (സി) യും | എതിരെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നടപടി സ്വീകരിച്ചുവരുന്നതും, പ്രസ്തുത കേസുകളിലെ അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് അന്തിമ റിപ്പോർട്ട് ബഹു. കോടതികളിൽ സമർപ്പിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. എൻ.ഡി.പി.എസ്. ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോ ഗ്രാമിന് താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോ ഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ, ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻ തന്നെ ജാമ്യത്തിലിറങ്ങി സമാന കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. മയക്കു മരുന്നുകൾ ചെറിയ അളവിൽപോലും കൈവശം വച്ച് കൈകാര്യം ചെയ്താൽ അത്തരം കുറ്റകൃത്യം ചെയ്യുന്നവർക്കും പരമാവധി ശിക്ഷ ഉറപ്പാക്കി മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാവുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ്. ആക്ട് ഈ ആവശ്യത്തിലേയ്ക്ക് പരിഷ്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സംസ്ഥാന സർക്കാർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മയക്ക മരുന്ന് കേസിലെ കുറ്റവാളികൾക്ക് കനത്ത ശിക്ഷ ഉറപ്പു വരുത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (ഡി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, തൊഴിലിടങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം | (ഡി) | എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, |

| | | | |
|---|---|---|---|
| | മയക്കമരുന്ന് സംഘങ്ങളെ നിയന്ത്രിക്കുന്നതിന് കർശന നിയമം കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | | റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, എന്നിവയുമായി സഹകരിച്ച് ലഹരിക്കെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന സംഘടിപ്പിച്ച് വരുന്നു. വിപുലമായ ബോധവത്കരണ ക്ലാസ്സുകൾ, കലാ-സാഹിത്യ കായിക മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനതലത്തിൽ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**